**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243** **29-01-2024 - ൽ മറുപടിയ്ക്ക്**

**ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ യു.ജി.സി മാനദണ്ഡം പ്രാബല്യത്തിൽ വരുന്നതിനു മുൻപും ആയതിനുശേഷവും ഓരോ വിഭാഗത്തിലെയും അദ്ധ്യാപക തസ്തികകളിലെ നിയമനവും നിയമനപ്രക്രിയയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | അദ്ധ്യാപക തസ്തികയിലെ സ്ഥിര നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും, താല്ക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടത്തിവരുന്നു. |
| (ബി) | ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ നിലവിൽ വന്നതുമുതൽ ഓരോ വിഭാഗത്തിലെയും ട്യൂട്ടർ/അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ എന്നിവരുടെ നിയമനം സംബന്ധിച്ച വിശദാംശം നൽകാമോ; നിലവിലെ സ്ഥിതി അറിയിക്കാമോ; ദീർഘകാലമായി അദ്ധ്യാപക തസ്തികകളിലെ ഒഴിവ് നികത്താതിരിക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | I. ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് നിലവിൽ വന്നത് മുതൽ ഓരോ വിഭാഗത്തിലും താഴെ പറയും പ്രകാരം നിയമനം നൽകിയിട്ടുണ്ട്.<br><br>1. മെറ്റീരിയ മെഡിക്ക<br><br>പി.എസ്.സി മുഖാന്തിരം 19 പേർക്ക് ട്യൂട്ടർ തസ്തികയിലും ഒരാൾക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.<br><br>2. ഓർഗനോൺ ഓഫ് മെഡിസിൻ<br><br>പി.എസ്.സി മുഖാന്തിരം 15 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>3. ഫാർമസി വകുപ്പ്<br><br>പി.എസ്.സി മുഖാന്തിരം 6 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>4. അനാട്ടമി വകുപ്പ്<br><br>പി.എസ്.സി മുഖാന്തിരം 10 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>5. ഫിസിയോളജി & ബയോകെമിസ്ട്രി വകുപ്പ്<br><br>പി.എസ്.സി മുഖാന്തിരം 10 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>6. പത്തോളജി & മൈക്രോബയോളജി വകുപ്പ് |

പി.എസ്.സി മുഖാന്തിരം 8 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

7. കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ്

പി.എസ്.സി മുഖാന്തിരം 8 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

8. ഫോറൻസിക് മെഡിസിൻ & ടോക്സിക്കോളജി

പി.എസ്.സി മുഖാന്തിരം 6 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

9. പ്രാക്ടീസ് ഓഫ് മെഡിസിൻ വകുപ്പ്

പി.എസ്.സി മുഖാന്തിരം 11 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

10. കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ്

പി.എസ്.സി മുഖാന്തിരം 8 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

11. ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വകുപ്പ്

പി.എസ്.സി മുഖാന്തിരം 6 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

12. സർജറി വകുപ്പ്

പി.എസ്.സി മുഖാന്തിരം 5 പേർക്ക് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

മേൽ പ്രകാരം ട്യൂട്ടർ തസ്തികയിൽ നിയമനം നൽകുകയും തുടർന്ന് ഒഴിവുകൾക്കനുസരിച്ച് ലെക്ചറർ/ അസിസ്റ്റന്റ് പ്രൊഫസർ, റീഡർ/ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്ക് ഉദ്യോഗകയറ്റം നൽകുകയുമുണ്ടായി.

**<u>II. നിലവിലെ സ്ഥിതി</u>**

താഴെപ്പറയുന്ന വകുപ്പുകളിൽ, താഴെപ്പറയുന്ന തസ്തികകളിൽ ഒഴിവുണ്ട്.

1. മെറ്റീരിയ മെഡിക്ക

അസോസിയേറ്റ് പ്രൊഫസർ - 4 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 5 ഒഴിവ്

2. ഓർഗനോൺ ഓഫ് മെഡിസിൻ

അസോസിയേറ്റ് പ്രൊഫസർ - 3 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 6 ഒഴിവ്

3. ഫാർമസി വകുപ്പ്

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

4. അനാട്ടമി വകുപ്പ്

അസോസിയേറ്റ് പ്രൊഫസർ - 2 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

പ്രൊഫസർ - 1 ഒഴിവ്

5. ഫിസിയോളജി & ബയോകെമിസ്ട്രി വകുപ്പ്

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

പ്രൊഫസർ - 1 ഒഴിവ് (പ്രൊമോഷൻ വഴി നികത്തണം)

6. പത്തോളജി വകുപ്പ്

പ്രൊഫസർ - 2 ഒഴിവ്

അസോസിയേറ്റ് പ്രൊഫസർ - 2ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

7. കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ്

പ്രൊഫസർ - 2 ഒഴിവ് (പ്രൊമോഷൻ വഴി നികത്തണം)

അസിസ്റ്റന്റ് പ്രൊഫസർ - 2ഒഴിവ്

8. ഫോറൻസിക് മെഡിസിൻ & ടോക്സിക്കോളജി

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

9. പ്രാക്ടീസ് ഓഫ് മെഡിസിൻ

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 3 ഒഴിവ്

10. കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ്

അസോസിയേറ്റ് പ്രൊഫസർ - 3 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 4 ഒഴിവ്

11. ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി

പ്രൊഫസർ - 2 ഒഴിവ് (1 പ്രൊമോഷൻ വഴി നികത്തണം.)

അസോസിയേറ്റ് പ്രൊഫസർ - 1 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

12. സർജറി വകുപ്പ്

പ്രൊഫസർ - 1 ഒഴിവ്

അസോസിയേറ്റ് പ്രൊഫസർ - 2 ഒഴിവ്

അസിസ്റ്റന്റ് പ്രൊഫസർ - 2 ഒഴിവ്

പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകളും കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പത്തോളജി വകുപ്പിലെ പ്രൊഫസർ തസ്തികയിലെ ഒഴിവും ഒഴികെ മറ്റ് എല്ലാ ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബഹു.കോടതിയിൽ കേസ് നിലനിന്നതിനാലാണ് കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗം പ്രൊഫസർ തസ്തിക ഒഴിവ് റിപ്പോർട്ട് ചെയ്യാൻ വൈകിയത്. ടി ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

III. സർക്കാർ ഉത്തരവ് (എം.എസ്) നം 324/2013/ എച്ച്.&എഫ്.ഡബ്ല്യു.ഡി തീയതി 16-07-2013 പ്രകാരം സെന്റർ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ മാനദണ്ഡം അനുസരിച്ച് തിരുവനന്തപുരം/കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ ട്യൂട്ടർ തസ്തിക അബോളിഷ് ചെയ്ത് അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിക്കുകയുണ്ടായി. ആ സമയത്തെ സ്പെഷ്യൽ റൂളിൽ ബി.എച്ച്.എം.എസ് ആയിരുന്നു അടിസ്ഥാന യോഗ്യത. സി.സി.എച്ച്. റൂൾ പ്രകാരം അസിസ്റ്റന്റ് പ്രൊഫസറുടെ അടിസ്ഥാനയോഗ്യത ബി.എച്ച്.എം.എസ്. എം.ഡി (ഹോമിയോ) ആവുകയും ആയതനുസരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തേണ്ടതുമുണ്ടായിരുന്നു.. അസിസ്റ്റന്റ് പ്രൊഫസറുടെ നിയമന നടപടികൾക്കായി സ്പെഷ്യൽ റൂൾ രൂപീകൃതമായത് 11-03-2019 ലെ

| | | | |
|---|---|---|---|
| | | | ജി.ഒ(പി) നം 6/2019/ആയുഷ് പ്രകാരമാണ്. ആയത് പ്രകാരം ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി സംബന്ധിച്ച് കോടതി കേസ് ഉണ്ടാവുകയും നിയമന നടപടികൾ നീണ്ടുപോവുകയുമുണ്ടായി. ഇപ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് വന്ന കാലതാമസവും, ബഹു ഹൈക്കോടതിയിൽ കേസ് നിലനിന്നിരുന്നതിനാലുമാണ് പി.എസ്.സി മുഖേന നിയമന നടപടികൾ വൈകിയത്. അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിലെ ഒഴിവുകളിലേക്ക് പി.എസ്.സി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്താത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; ഇതുമൂലം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളുടെ അഫിലിയേഷൻ നഷ്ടമാകുമെന്ന തരത്തിലുള്ള ഗൗരവതരമായ ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി വഴി നിയമനം നടക്കുന്നതുവരെ കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടത്തി വരുന്നു. കൂടാതെ തിരുവനന്തപുരം/ കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പത്തോളജി വകുപ്പിൽ റീ എംപ്ലോയ്മെന്റ് മുഖേന ഓരോ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ അനാട്ടമി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും സർജറി വകുപ്പിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും ഗൈനക്കോളജി വകുപ്പിൽ പ്രൊഫസർ തസ്തികയിലും റീ എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ